299 (1479) താൽക്കാലിക നിയമനം ലഭിച്ച വികലാംഗരെ സ്ഥിരപ്പെടുത്തുന്ന നടപടി

ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. എം.കെ. മുനീർ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിൽ 1999 നവംബർ വരെ താൽക്കാലിക നിയമനം ലഭിച്ച വികലാംഗരെ സ്ഥിരപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുന്നുണ്ടോ;

(ബി) ഇവരെ സ്ഥിരപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സാമൂഹ്യക്ഷേമ വകുപ്പിൽ 1999 നവംബർവരെ താൽക്കാലിക നിയമനം ലഭിച്ച വികലാംഗരെ സ്ഥിരപ്പെടുത്തുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല.

300 (1480) വികലാംഗർക്കുള്ള തൊഴിലുപകരണങ്ങളുടെ വിതരണം

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. പി. രാജു :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വികലാംഗരായ എത്രപേർക്ക് തൊഴിലുപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ പുരുഷൻമാർക്ക് എത്ര വിതരണം ചെയ്തു; സ്ത്രീകൾക്കെത്ര വിതരണം ചെയ്തു;

(സി) എത്ര രൂപയുടെ എന്തെല്ലാം തൊഴിലുപകരണങ്ങളാണ് വിതരണം ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) വികലാംഗരായവർക്കുവേണ്ടി എത്ര തൊഴിൽപരിശീലന കേന്ദ്രങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്; ഇനി എത്ര പരിശീലനകേന്ദ്രങ്ങൾകൂടി തുറക്കുവാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വികലാംഗരായ ആളുകൾക്ക് തൊഴിൽ ഉപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി സാമൂഹ്യക്ഷേമ വകുപ്പിൽ നിലവിലില്ല.

(ബി)&(സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly